# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4615 26.10.2015-ൽ മറുപടിക്ക്

## വനം കത്തിനശിക്കുന്നത് തടയാൻ നടപടി

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല :

**ഉത്തരം**

**അഡ്വ.കെ.രാജു**

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് ഈ വർഷം ഇതുവരെ എത്ര ഹെക്ടർ വനഭൂമി കത്തിനശിക്കുകയുണ്ടായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ ;

(എ) സംസ്ഥാനത്ത് ഈ വർഷം ഇതുവരെ 2089.6204 ഹെക്ടർ വനഭൂമിയിൽ തീ കത്തുകയുണ്ടായി.

ബി) ഇവ ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ; ഇതുവഴി വകുപ്പിനുണ്ടായ നഷ്ടമെത്ര രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(ബി)

| സർക്കിൾ | കത്തി നശിച്ച വന ഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 183.261 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 349.462 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 488.56 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 419.288 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 390.2194 |

| | |
|---|---|
| വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 156.81 |
| ഫീൽഡ് ഡയറക്ടർ, പ്രൊജക്ട് ടൈഗർ, കോട്ടയം | 102.02 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 0 |
| **ആകെ** | **2089.6204** |

എട്ട് സർക്കിളുകളിലായി 2089.6204 ഹെക്ടറിൽ അടിക്കാടുകളും പുല്ലും മറ്റും കത്തി നശിച്ച വകയിൽ ആകെ 28,900/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

സി) മുളകളിൽ നിന്നും തീ പടരാനുള്ള സാധ്യത ഇപ്പോൾ വളരെ കുറവാണെന്ന കാര്യം വനം വകുപ്പ് കരുതുന്നുണ്ടോ;

(സി) മുളകളിൽ നിന്നും കാട്ടുതീ പടർന്ന സംഭവങ്ങൾ സമീപകാലങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും ആയതിനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

ഡി) എങ്കിൽ തീപിടുത്തത്തിനു പിന്നിലെ മനുഷ്യരുടെ ഇടപെടൽ വകുപ്പ് പരിശോധന വിധേയമാക്കിയിട്ടുണ്ടോ;

(ഡി) തീ പിടുത്തത്തിന് പിന്നിലെ മനുഷ്യരുടെ ഇടപെടൽ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്.

ഇ) എങ്കിൽ ഇതു തടയുന്നതിന് വനം വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

(ഇ) ഓരോ വർഷവും തയ്യാറാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾക്കനുസൃതമായാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ വേനൽക്കാലത്ത് നടത്തുന്നത്. വേനൽക്കാലത്തിന്റെ തുടക്കത്തിൽ, തീ പടരാൻ സാധ്യതയുള്ള വനത്തിനുള്ളിലും അതിർത്തിയിലും കുറ്റി

ക്കാടുകളും പുല്ലുകളും [illegible] ഫയർലൈൻ തയ്യാറാക്കി വരുന്നു.

ഇക്കാര്യത്തിൽ വർഷം തോറും കാട്ടുതീ വിപത്തിനെ സംബന്ധിച്ച ബോധവൽക്കരണറാലി, പരസ്യചിത്രങ്ങൾ, കാട്ടുതീയുടെ പ്രത്യാഘാതങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്ന ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ഫയർ ഗ്യാംഗ്, ഫയർ വാച്ചർമാർ തുടങ്ങിയവരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ, പങ്കാളിത്ത വനപരിപാലനത്തിലൂടെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ വഴിയും കാട്ടുതീ ഫലപ്രദമായി തടയുന്നുണ്ട്. അതികഠിനമായ വേനൽക്കാലത്ത് കാട്ടുതീ പടരാൻ സാധ്യതയുള്ള സംരക്ഷിത മേഖലകൾ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അനുമതിയോടുകൂടി നിശ്ചിത കാലയളവിൽ അടച്ചിടാറുണ്ട്.

സെക്ഷൻ ഓഫീസർ.